LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടൈൽസ് പാകിയ വീഥികൾ ഭംഗിയായി സൂക്ഷിക്കാൻ ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആശുപത്രിയുടെ കോമ്പൗണ്ടിലെ ചുവരെഴുത്തുകളും പോസ്റ്ററുകളും മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഭാവിയിൽ ആശുപത്രിയുടെ അകത്തും പുറത്തുമുള്ള ഭിത്തികളിൽ ചുവരെഴുത്തും പോസ്റ്ററുകളും പതിക്കാൻ പാടില്ലെന്നുള്ള സർക്കുലർ നിർദ്ദേശം കേപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്.

(ഡി) മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും അവരുടെ കുട്ടികൾക്കും ഇപ്പോഴും ചികിത്സാ ഫീസ് ഇളവുകൾ നൽകുന്നുണ്ട്.

(ഇ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലും കയർ തൊഴിലാളി ക്ഷേമനിധിയിലും അംഗങ്ങളായ സ്ത്രീകൾക്കും കുട്ടികൾക്കും നിലവിൽ ചികിത്സാ ഫീസ് ഇളവുകൾ നൽകുന്നുണ്ട്.

(എഫ്) ഇക്കാര്യം കേപ്പ് പരിശോധിച്ചുവരുന്നു.

(ജി) ഹൈമാസ്റ്റ് ലാമ്പ് പ്രവർത്തിക്കുന്നുണ്ട്. സഹകരണ ആശുപത്രിക്ക് പ്രത്യേക കാന്റീൻ നിലവിലില്ല. എന്നാൽ എഞ്ചിനീയറിംഗ് കോളേജിനോട് അനുബന്ധിച്ചു പ്രവർത്തിക്കുന്ന നിലവിലുള്ള കാന്റീൻ ആശുപത്രിക്ക് കൂടി പ്രയോജനപ്പെട്ടുത്തിവരുന്നു. രാവിലെയും വൈകിട്ടും പിന്നെ പൊതു അവധി ദിവസങ്ങളിലും കോളേജിന് അവധിയുള്ളപ്പോഴും കാന്റീൻ പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## റിസർവ് ബാങ്ക് പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**108 (448)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളുടെ അടിത്തറ ഇളക്കുംവിധം റിസർവ് ബാങ്ക് പുറത്തിറക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും ഇത് എന്നു മുതൽ നടപ്പാക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

(എ) റിസർവ് ബാങ്ക് നിയോഗിച്ച പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾക്കനുസൃതമായി ബന്ധപ്പെട്ട സംസ്ഥാന സഹകരണ നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപവും, വായ്പയും, ഓഹരി മൂലധനവും ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റാവുന്നതാണെന്ന് 22-7-2013-ൽ നബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം പുറത്തിറക്കിയ പ്രധാനപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടൻസായി പ്രവർത്തിക്കണം.

2. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം എടുക്കണം. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ എല്ലാ നിക്ഷേപകരും ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശം ഉള്ള അംഗത്വം എടുക്കണം.

3. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകൾക്കുവേണ്ടി നിക്ഷേപ വായ്പ ഇടപാടുകൾ നടത്തുകയും, ഇതിലേയ്ക്കായി ഏജൻസ് ഫീസ് കൈപ്പറ്റാവുന്നതുമാണ്

4. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ സർക്കാർ ഓഹരി മൂലധനം ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റണം.

5. ജില്ലാ സഹകരണ ബാങ്കുകൾ 31-3-2013-നകം 4 ശതമാനം മൂലധന പര്യാപ്തത (CRAR) കൈവരിക്കണം. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ജില്ലാ സഹകരണ ബാങ്കുകൾക്കെതിരെ റിസർവ് ബാങ്ക് നടപടി സ്വീകരിക്കണം.

584/16

LIBRARY ARCHIVES Kerala Legislative Assembly